എച്ച് 1. എൻ1 പ്രതിരോധ നടപടികൾ

2 (*62) ശ്രീ. കെ. കഞ്ഞിരാമൻ (ഉദുമ) :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എച്ച്1.എൻ1. പനി പടരുന്നത് തടയാൻ സ്വീകരിച്ച മുൻകരുതൽ നടപടികൾ വിശദമാക്കാമോ ;

(ബി) പ്രതിരോധ പ്രവർത്തനത്തിനും രോഗനിർണ്ണയത്തിനും ചികിത്സയ്ക്കുമായി നിലവിലുള്ള സംവിധാനം എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(സി) രോഗപ്രതിരോധ പ്രവർത്തനത്തിനായി കേന്ദ്രസഹായം ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ,

(എ) എച്ച്1.എൻ1. പനിയുടെ പകർച്ചയ്ക്ക് എതിരെയുള്ള മുൻകരുതലുകൾ എടുക്കുന്നതിനെ സംബന്ധിച്ചുള്ള റേഡിയോ, ടി.വി. പത്രപരസ്യങ്ങളും, റേഡിയോ ഹെൽത്തുവഴി പൊതുജനങ്ങൾക്കുള്ള ബോധവൽക്കരണവും പ്രഭാഷണങ്ങളും നിത്യേന നടന്നുവരുന്നു. ജനങ്ങൾക്ക് കൊടുക്കേണ്ട ഉപദേശങ്ങളെക്കുറിച്ചുള്ള ബിറ്റ് നോട്ടീസ് ആവശ്യത്തിന് അച്ചടിച്ച് നൽകാനുള്ള നടപടി ജില്ലാ മെഡിക്കൽ ആഫീസർമാർവഴി ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ സംശയങ്ങൾക്കുള്ള പരിഹാരത്തിനായി ദിശ ഹെൽപ് ലൈൻ നമ്പറുകൾ (1056, 04712552056) സജ്ജമാക്കിയിട്ടുണ്ട്. ആശുപത്രി തലത്തിൽ എല്ലാ ഡോക്ടർമാർക്കും എച്ച്1. എൻ1 ചികിൽസാ മാർഗ്ഗരേഖകൾ, ഒസൾട്ടാമിവിർ മരുന്നുകളുടെ ലഭ്യത, ആശുപത്രിയിലെ അണുബാധ നിയന്ത്രണ സംവിധാനങ്ങൾ എന്നിവ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

(ബി) എച്ച്1.എൻ1. രോഗവ്യാപനം തടയുന്നതിനായി ആരോഗ്യവകുപ്പ് എല്ലാ തലങ്ങളിലുമുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. രോഗ നിർണ്ണയത്തിനായി സ്രവസാമ്പിളുകൾ കേന്ദ്ര ആരോഗ്യ മന്ത്രാലയത്താൽ നിർദ്ദേശിക്കപ്പെട്ട മണിപ്പാൽ സെന്റർ ഫോർ വൈറൽ റിസർച്ച് (എം.സി.വി.ആർ) ലാബിലേയ്ക്ക് അയച്ച് പരിശോധിച്ചുവരുന്നു. ഇതിനുപുറമേ ചില ജില്ലകളിലെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സാമ്പിളുകൾ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിയുടെ ആലപ്പുഴ യൂണിറ്റിലും പരിശോധിച്ചുവരുന്നു. കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ മാനദണ്ഡമനുസരിച്ച് എച്ച്1.എൻ1 രോഗ ചികിൽസ നടത്തുന്നതിന് ലാബ് പരിശോധന ആവശ്യമില്ല. കാറ്റഗറി ബി1, സി രോഗങ്ങൾക്ക് ചികിൽസ ആരംഭിക്കുന്നതിനോടൊപ്പവും പുതിയ വിഭാഗങ്ങളിലേക്ക് രോഗം പകരുന്നുണ്ടോ എന്നറിയാനും കൂടിയാണ് ലാബ് പരിശോധന നടത്തുന്നത്. ചികിൽസയ്ക്ക് ആവശ്യമായ മാർഗ്ഗരേഖകളും ശ്രുശ്രൂഷാസംവിധാനങ്ങളും കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ നിർദ്ദേശമനുസരിച്ചാണ് ചെയ്തുവരുന്നത്.

എച്ച്1.എൻ1 ചികിൽസയ്ക്ക് ഐസലേഷൻ വാർഡുകൾ, തീവ്ര പരിചരണ വാർഡുകൾ, പ്രത്യേക പരിശീലനം നൽകിയിട്ടുള്ള റാപ്പിഡ് റെസ്പോൺസ് ടീം എന്നിവ എല്ലാ ജില്ലകളിലും ഓരോ ജില്ലാ ആശുപത്രിയിലും, മെഡിക്കൽ കോളേജുകളിലും ഇന്ന് ഏർപ്പെടുത്തിയിട്ടുണ്ട്. ആവശ്യമായ മരുന്നുകൾ സർക്കാർ ശൃംഖലയിലേക്ക് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേനയും സഹകാര്യ മേഖലയിലേക്ക് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി സ്റ്റോറുകൾ വഴിയും ലഭ്യമാക്കിയിട്ടുണ്ട്.

(സി) കേന്ദ്ര ആരോഗ്യ മന്ത്രാലയത്തോട് ആവശ്യപ്പെട്ടപ്രകാരം വ്യക്തിഗത സംരക്ഷണ ആവരണങ്ങൾ, മാസ്കുകൾ, മരുന്നുകൾ (ഒസൾട്ടാമിവിർ) തുടങ്ങിയവ കേന്ദ്രസർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ വടക്കേ ഇന്ത്യയിൽ എച്ച്1.എൻ1 പനിയുടെ അധിക വ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഒസൾട്ടാമിവിർ മരുന്നുകളുടെ അധിക സ്റ്റോക്കിനുവേണ്ടി സംസ്ഥാന ആരോഗ്യ വകുപ്പ് ഡറയക്ടർ കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തിന്റെ ഈ രംഗത്തെ തയ്യാറെടുപ്പുകൾ വിലയിരുത്തുന്നതിനുവേണ്ടി കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിലെ വിദഗ്ധർ കേരളം സന്ദർശിച്ച് നിർദ്ദേശങ്ങൾ നൽകുകയും ഇടയ്ക്കിടെ ഇതിനുവേണ്ടി വീഡിയോ കോൺഫറൻസുകൾ നടത്താറുമുണ്ട്.

<u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : സർ, ഇന്നലെ രാവിലെ തുടങ്ങി ഒരു മണിക്കൂറും ഇന്നിയുവരെയും നമ്മൾ ചർച്ച ചെയ്യുന്നത് കേരളത്തിലെ ആരോഗ്യ മേഖലയെക്കുറിച്ചാണ്. ഇന്നലെയും ഇന്നുമായി എത്ര ചർച്ച ചെയ്തിട്ടും ഈ പ്രശ്നങ്ങൾക്കെല്ലാം മന്ത്രി തന്ന മറുപടി ഒന്നാണ്. ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ, രോഗനിർണ്ണയം നടത്തി രോഗികളെ സംരക്ഷിക്കുന്നതിനുള്ള യാതൊരു നടപടിയും

സ്വീകരിച്ചതായി മറുപടിയിൽ കാണുന്നില്ല. എച്ച്.1 എൻ.1 പനിക്കെതിരെയുള്ള പ്രതിരോധ നടപടിയെക്കുറിച്ച് ചോദിച്ചപ്പോൾ നൽകിയ മറുപടിയും അല്പമെന്നെയാണ്. നമ്മുടെ നാട്ടിൽ ഈ രോഗം വ്യാപകമായി വരികയാണ്. ഇന്നത്തെ പത്രത്തിൽ എടവണ്ണയിലും ബത്തേരിയിലും ഈ രോഗം നിമിത്തം രണ്ടുപേർ മരിച്ചതായി അറിയാൻകഴിഞ്ഞു. എടവണ്ണയിൽ മരിച്ച പെൺകുട്ടിയുടെ അനുജൻ ഒന്നരവയസ്സുള്ള കുട്ടി ഗുരുതരാവസ്ഥയിൽ തുടരുകയാണ്. ഇവിടെ കാര്യങ്ങൾ പ്രസംഗിച്ച് പോകുന്നുവെന്നല്ലാതെ ഇതു പരിഹരിക്കാൻ ഗവൺമെന്റിനോ ആരോഗ്യ വകുപ്പിനോ കഴിയുന്നില്ല എന്നതൊരു പ്രധാനപ്പെട്ട വസ്തുതയാണ്. ഗവൺമെന്റും ബന്ധപ്പെട്ട ആളുകളുമെല്ലാം ചർച്ച ചെയ്യുന്നത് മറ്റ് കാര്യങ്ങളാണ്. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനോ രോഗനിർണ്ണയം നടത്തി ആളുകളെ സംരക്ഷിക്കുന്നതിനോ ഗവൺമെന്റിന് കഴിയുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ നടക്കുന്ന ചർച്ചയിലുൾപ്പെടുന്ന പ്രധാനപ്പെട്ട ആളല്ലാത്തതുകൊണ്ട് മന്ത്രി ഇക്കാര്യം കൂടുതലായി ശ്രദ്ധിക്കണമെന്നാണ് എനിക്ക് ഗൗരവമായി പറയാനുള്ളത്. പനി തടയുന്നതിനുവേണ്ടി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നതിനെക്കുറിച്ച് മൂന്ന് പേജ് മറുപടി തയ്യാറാക്കി തന്നിട്ടുണ്ട്. ഇന്നലെയും ഇന്നുമെല്ലാം തരുന്നത് ഒന്നുതന്നെയാണ്. അതുകൊണ്ടൊന്നും പനി തടയാൻ സാധിക്കുകയില്ല. അടിയന്തരമായി ഇടപെട്ട് ഗവൺമെന്റിനെയും ഡിപ്പാർട്ടുമെന്റിനെയും കൊണ്ട് വേണ്ട നടപടികൾ സ്വീകരിക്കുകയും കഴിയുമെങ്കിൽ കേന്ദ്രഗവൺമെന്റിന്റെ സഹായം ലഭ്യമാക്കി എച്ച്1 എൻ1 പനി എങ്ങനെ തടയാമെന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കണമെന്നാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്. മറ്റൊരു കാര്യം, ഇത് മാരകമായ പനിയാണ്. ഈ പനി തടയുന്നതിനുവേണ്ടി കേന്ദ്രഗവൺമെന്റിന്റെ സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ, അത് കിട്ടുമോ തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് മന്ത്രി വിശദീകരിക്കണം. എല്ലാ വിഭാഗത്തിൽപ്പെട്ട ആളുകളെയും കൂട്ടിയോജിപ്പിച്ചുകൊണ്ട് ഈ മാരകമായ രോഗം ഇല്ലാതാക്കുന്നതിനു വേണ്ടി നമുക്ക് എന്ത് നടപടി സ്വീകരിക്കാൻ കഴിയുമെന്നതിനെക്കുറിച്ച് ഗൗരവമായി ചർച്ച ചെയ്യാൻ മന്ത്രി ശ്രമിക്കണം. പഞ്ചായത്തുതലംവരെ ചർച്ച ചെയ്തതാണ് എന്നാണ് പറയുന്നത്. അതൊന്നും പര്യാപ്തമല്ല. അതുകൊണ്ട് അടിയന്തരമായി ഈ പനി തടയുന്നതിന് എന്തൊക്കെ നടപടിയാണ് സ്വീകരിച്ചതെന്നുകൂടി പറയണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

<u>ശ്രീ. വി. എസ്. ശിവകുമാർ</u> : സർ, ഇവിടെ പറഞ്ഞ മറുപടിയിൽത്തന്നെ ഞാൻ ഈ കാര്യങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്. എച്ച്.1 എൻ.1 പനി നമ്മുടെ രാജ്യത്തിന്റെ വിവിധ പ്രദേശങ്ങളിൽ പടർന്നുപിടിച്ചതിന്റെ ഭാഗമായിട്ടുണ്ടായിട്ടുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

യഥാർത്ഥത്തിൽ ഈ സീസണിലല്ല, എല്ലാ വർഷവും എച്ച്.1 എൻ.1 രോഗങ്ങൾ പടർന്നുപിടിക്കുന്നുണ്ട്. വടക്കേ ഇന്ത്യയിലും മറ്റ് സംസ്ഥാനങ്ങളിലുമുള്ള സാഹചര്യമനുസരിച്ചാണ് ഇവിടെ എച്ച്.1 എൻ.1 വന്നിട്ടുള്ളത്. കേരളത്തിൽ 71 ആളുകൾക്കാണ് എച്ച്.1 എൻ.1 രോഗം വന്നിട്ടുള്ളത്. മറ്റ് സംസ്ഥാനങ്ങളിൽ അയ്യായിരത്തിലധികം ആളുകൾക്ക് ഈ രോഗം വന്നിട്ടുണ്ട്. ഇതിനെ പ്രതിരോധിക്കുന്നതിനുവേണ്ടിയുള്ള ശക്തമായ നടപടിയെന്ന നിലയിൽ ജനങ്ങൾക്ക് അവയർനെസ് നൽകുകയെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ടകാര്യം. വടക്കേ ഇന്ത്യയിൽനിന്നും മറ്റ് സംസ്ഥാനങ്ങളിൽനിന്നും വന്നആളുകൾക്കാണ് കൂടുതലായി മരണം സംഭവിച്ചിട്ടുള്ളത്. ഇത് വായുവിൽക്കൂടി പകരുന്ന രോഗമാണ്. കർച്ചീഫ് വച്ച് തുമ്മുക, കൈ ഇടയ്ക്കിടയ്ക്ക് കഴുകി ശുദ്ധമാക്കുക തുടങ്ങിയ കാര്യങ്ങൾ പൊതുജനങ്ങൾ സ്വീകരിക്കുന്നതിലേയ്ക്കുവേണ്ടിയുള്ള അവയർനെസ് പ്രോഗ്രാമിന് പ്രചാരം കൊടുത്തുകൊണ്ട് ടെലിവിഷൻ, റേഡിയോ എന്നീ മാധ്യമങ്ങളിലൂടെ നമ്മൾ നടത്തുന്നുണ്ട്. ഓരോ ദിവസവും ഇതിനെക്കുറിച്ച് വിലയിരുത്തൽ നടത്തുന്നുണ്ട്. ഫീൽഡിൽ ചെയ്യേണ്ട കാര്യങ്ങൾ ചെയ്യുന്നുണ്ട്. ജില്ലാ ആശുപത്രികളിലും മറ്റ് ആശുപത്രികളിലും പ്രത്യേകമായിട്ടുള്ള സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. ആവശ്യമായിട്ടുള്ള മരുന്നുകൾ എല്ലാ തലങ്ങളിലും (ഒസൾട്ടാമിവിർ എന്ന മരുന്ന്) എത്തിച്ചിട്ടുണ്ട്. അതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ചെയ്യാൻ കഴിയുന്ന പരമാവധി കാര്യങ്ങൾ ഈ കാര്യത്തിൽ ഗവൺമെന്റ് ഏറ്റെടുത്ത് ചെയ്തുകൊണ്ട് മുന്നോട്ട പോകുകയാണ്.

<u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : സർ, അടിയന്തരനടപടി സ്വീകരിച്ചുവെന്നാണ് മന്ത്രി പറഞ്ഞത്. പക്ഷേ ദിവസവും ആളുകൾ മരിച്ചുകൊണ്ടിരിക്കുന്നത് തടയാൻ കഴിയുന്നില്ല. അതിനെന്താണ് മാർഗ്ഗമെന്നതിനെക്കുറിച്ച് ഒന്നും പറയുന്നില്ല. മറ്റൊന്ന്, സാധാരണ കോളനികളിലും മറ്റുമാണ് ഈ രോഗം വരുന്നതെന്നാണ് മന്ത്രി പറയുന്നത്. എന്നാൽ കോളനികളിൽ മാത്രമല്ല വടക്കേ ഇന്ത്യയിൽ നിന്നുള്ള മാരകമായ പന്നിപ്പനി ശ്രീ. മുലായം സിംഗ് യാദവിനുപോലും ബാധിച്ചുവെന്നാണ് പത്രത്തിൽ വായിക്കാൻ സാധിച്ചത്. അങ്ങനെ വരുമ്പോൾ നമ്മുടെ മുഖ്യമന്ത്രി അടക്കമുള്ള എല്ലാ മന്ത്രിമാരും ഡൽഹിയിൽ പോയി വരുന്നതാണ്. അവർ വളരെ സൂക്ഷിക്കേണ്ടതാണ്. അവർക്കുംകൂടി ഈ പനിബാധിച്ച് നമ്മുടെ നാട്ടിലുംകൂടി വന്നാൽ നിയന്ത്രിക്കാനേ സാധിക്കില്ല. അതുകൊണ്ട് പനി വരാതിരിക്കുന്നതിനു വേണ്ടി അടിയന്തരനടപടി സ്വീകരിക്കണം. ജനസമ്പർക്ക പരിപാടി കൊണ്ടൊന്നും പനി ഇല്ലാതാക്കാൻ സാധിക്കില്ല. ഇനിയിപ്പോൾ കടിവെള്ളക്ഷാമം ഉണ്ടാകാൻ

പോകുകയാണ്. ആ കാര്യങ്ങളൊക്കെ വന്നാൽ നമ്മുടെ നാട്ടിൽ കോളനികളിൽ മാത്രമല്ല, മറ്റ് പ്രദേശങ്ങളിലും വ്യാപകമായി പനി പടർന്നുപിടിക്കും. അത് തടയാൻ അടിയന്തര നടപടി യുദ്ധകാലാടിസ്ഥാനത്തിൽ സ്വീകരിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. വി. എസ്. ശിവകുമാർ : സർ, ഞാൻ കാര്യങ്ങൾ പറഞ്ഞുകഴിഞ്ഞു. അതിലേയ്ക്ക് വേണ്ട നടപടികൾ ശക്തമായിത്തന്നെ സ്വീകരിക്കുന്നുണ്ട്. ഓരോ ദിവസവും ഈ കാര്യങ്ങൾ വിലയിരുത്തുകയും ആവശ്യമുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയുമാണ്. ഞാനിവിടെ അക്കാര്യം നേരത്തെ സൂചിപ്പിച്ചതാണ്.

ശ്രീ. ബി. സത്യൻ : സർ, പകർച്ചപനി വ്യാപകമായത് ഇപ്പോഴല്ല. വളരെ സജീവമായി ഈ പറഞ്ഞ രോഗങ്ങളും പകർച്ചപനിയും വ്യാപകമാണ്. ഇക്കാര്യത്തിൽ ഇവിടെ വലിയ കൊള്ള നടക്കുകയാണ്, സ്വകാര്യ ആശുപത്രികൾ തഴച്ച് വളരുകയാണ്. തിരുവനന്തപുരത്തുതന്നെ ഒരു സ്വകാര്യ ആശുപത്രി ഇന്ന് എത്ര നില കെട്ടിടങ്ങളായി എന്നുള്ളത് നാം ശ്രദ്ധിക്കേണ്ടതാണ്. ആശുപത്രിയുടെ പേര് ഞാൻ പറയുന്നില്ല. ഈ പറയുന്ന പകർച്ചവ്യാധികൾക്ക് മാത്രമായുള്ള ഒരു വിഭാഗമായി ഇപ്പോൾ ആ ആശുപത്രി മാറിയിരിക്കുന്നു. തിരുവനന്തപുരം നഗരത്തിന്റെ തൊട്ടടുത്താണ് ഈ ആശുപത്രി. കഴിഞ്ഞ ദിവസങ്ങളിൽ പത്രങ്ങളിൽ വായിച്ചത് സർക്കാർ മെഡിക്കൽ കോളേജുകളിൽ ഓപ്പറേഷൻ തിയേറ്റർപോലും അണുവിമുക്തമല്ല എന്നാണ്. ശ്രീ. വി. ശിവൻകുട്ടി എം.എൽ.എ. അവിടെപോയി കണ്ടതാണ്. എ.സി. പ്രവർത്തിക്കുന്നില്ല, കറണ്ടില്ല. ഇതാണ് അവസ്ഥ. ഇവിടെ മന്ത്രി എല്ലാം നന്നായി വിശദീകരിക്കുന്നു, പറയുന്നു, സന്ദേശയാത്ര നടത്തുന്നു പ്രചാരണം നടത്തുന്നു. ആരോഗ്യ വകുപ്പിലെ ഡോക്ടർമാരെ വിളിച്ചാൽ 'ആരോഗ്യകേരളം' എന്നുള്ള മനോഹരമായ പാട്ടും കേൾക്കാം. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കണക്കുപ്രകാരം ഈ മാരകരോഗവുമായി ചികിത്സയ്ക്കെത്തിയ ആളുകൾ 2.5 ലക്ഷം കവിഞ്ഞുവെന്നാണ് കാണുന്നത്. എന്നാൽ ഇപ്പോഴും പ്രചാരണം ഇങ്ങനെ നന്നായി താഴോട്ട് പോകുകയാണ്. നമ്മുടെ സുഹൃത്ത് മന്ത്രി ശ്രീ. വി. എസ്. ശിവകുമാറിന്റെ ഫോട്ടോ പതിപ്പിച്ച മനോഹരമായ ഫ്ലെക്സ് ബോർഡുകൾ നമ്മൾ ദിവസവും കാണുകയാണ്. എല്ലായിടത്തും മനോഹരമായ ഫ്ലെക്സാണ്. അതിനിടെയാണ് ഇപ്പോൾ തിരുവനന്തപുരത്ത് പുതിയ ഒരു മെഡിക്കൽ കോളേജുകൂടി പ്രഖ്യാപിച്ചിരിക്കുന്നത്. ഇപ്പോഴുള്ള മെഡിക്കൽ കോളേജിനകത്ത് പ്രാഥമികസൗകര്യംപോലും നൽകാൻ കഴിയാതെ, അപകടം സംഭവിച്ച് അത്യാസന്നനിലയിൽ രാത്രിയെത്തുന്ന ആളുകളെ

LIBRARY ARCHIVES Kerala Legislative Assembly

ചികിത്സിക്കാനുള്ള സ്പെഷ്യലിസ്റ്റ് ഡോക്ടർമാർപോലും ഇല്ലെന്ന് പറഞ്ഞാൽ പിന്നെ പന്നി ബാധിച്ച ആളിന്റെകാര്യം പറയണോ ? ആ ദയനീയാവസ്ഥ വളരെ ഗൗരവമായും പ്രത്യേകമായും ചർച്ച ചെയ്ത് തീരുമാനമെടുക്കാതെ സന്ദേശയാത്രയും നടത്തി പാട്ടും പാടി നടന്നാൽ ഈ രോഗങ്ങളെല്ലാം കുറയും എന്ന മിഥ്യാധാരണ ശരിയല്ല. വളരെ ശക്തമായ തീരുമാനങ്ങളെടുക്കണം. സംസ്ഥാനത്തെ പ്രധാനപ്പെട്ട ആശുപത്രിയായ മെഡിക്കൽ കോളേജ് ഇന്ന് ഗതികേടിലേയ്ക്ക് നീങ്ങുകയാണ്. അടിയന്തരമായി മന്ത്രി പ്രത്യേകമായി ഇടപെട്ട് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മാരകമായ രോഗം ബാധിച്ചെത്തുന്ന ആളുകളെ കിടത്തി ചികിത്സിക്കാനുള്ള പ്രത്യേക സംവിധാനമുണ്ടാക്കാനുള്ള നടപടി സ്വീകരിക്കുമോ ?

<u>ശ്രീ. വി. എസ്. ശിവകുമാർ</u> : സർ, തിരുവനന്തപുരം മെഡിക്കൽ കോളേജ് കേരളത്തിലെ മാത്രമല്ല ഇന്ത്യയിലെതന്നെ ഏറ്റവും നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഒരു മെഡിക്കൽ കോളേജാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിനെ സെന്റർ ഓഫ് എക്സലൻസ് ആക്കാൻ പോവുകയാണ്. അവിടത്തെ സൗകര്യങ്ങളെക്കുറിച്ചും മറ്റു കാര്യങ്ങളെക്കുറിച്ചും ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചു. അവിടത്തെ ഓരോ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കുകളും വാർഡുകളും നവീകരിച്ചുകൊണ്ടിരിക്കുകയാണ്. അവിടെ എല്ലാ ഡിപ്പാർട്ടുമെന്റുകളിലും ഡോക്ടർമാർ ആവശ്യത്തിലധികമുണ്ട്. പുതിയ മെഡിക്കൽ കോളേജുകൾ വന്നപ്പോൾ ഡോക്ടർമാരെ ഇവിടെനിന്ന് റീ-ഡിപ്ലോയ് ചെയ്യുന്നതിനുവേണ്ടി ഗവൺമെന്റ് തീരുമാനമെടുത്തു. ഇവിടെനിന്ന് മാറാതിരിക്കുന്നതിനുവേണ്ടിയാണ് ഡോക്ടർമാർ സമരം നടത്തിയത്. ഇവിടെ നൂറോളം ഡോക്ടർമാർ അധികമുണ്ട്. ഗവൺമെന്റ് അത് ചെയ്യാതിരിക്കുന്നത് കൂടുതൽ രോഗികൾ വരുന്നതുകൊണ്ട് അവർക്കൊരു ബുദ്ധിമുട്ടുണ്ടാകണ്ട എന്നകരുതിയാണ്. അവിടെ എല്ലാ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുമുണ്ട്. സ്റ്റാഫ് പാറ്റേൺ പഴയതാണ്. വേക്കൻസിയുള്ളത് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കാര്യങ്ങൾ ഭംഗിയായി നടക്കുന്ന ഒരു മെഡിക്കൽ കോളേജാണ് തിരുവനന്തപുരം മെഡിക്കൽ കോളേജ്. അവിടെ എന്താണ് കുഴപ്പമെന്ന് അദ്ദേഹം പറയട്ടെ. അവിടെ ഓപ്പറേഷൻ തിയേറ്റർ ഇറന്നിട്ട് ഓപ്പറേഷൻ നടത്തിയെന്ന് പറഞ്ഞു. അതിനെക്കുറിച്ച് അന്വേഷിച്ച് ഞാൻ റിപ്പോർട്ട് ചോദിച്ചു. ആ ഓപ്പറേഷൻ തിയേറ്ററിൽ എ.സി. വർക്ക് ചെയ്യാത്തതുകൊണ്ട് ഇറന്നിട്ടിരുന്നു എന്നത് ശരിയാണ്. എന്നാൽ അവിടെ ഓപ്പറേഷനൊന്നും നടന്നിരുന്നില്ലായെന്നുള്ള റിപ്പോർട്ട് എനിക്ക് ലഭിച്ചിട്ടുണ്ട്. പത്രമാധ്യമങ്ങളിൽ വരുന്ന വാർത്തകൾ കണ്ടുകൊണ്ട് ഇങ്ങനെയൊക്കെയാണ് അവിടെ നടക്കുന്നതെന്ന് പറയുന്നത് ശരിയല്ല. അതിനെക്കുറിച്ച് അന്വേഷിച്ച് നിജസ്ഥിതി മനസ്സിലാക്കണം. മെഡിക്കൽ

LIBRARY ARCHIVES Kerala Legislative Assembly

കോളേജിൽ പത്തുപതിനഞ്ച് ഓപ്പറേഷൻ തിയേറ്ററുകളുണ്ട്. അതിലൊരു ഓപ്പറേഷൻ തിയേറ്ററിൽ എ.സി. വർക്കു ചെയ്യാത്തതുകൊണ്ടാണ് ആ തിയേറ്റർ തുറന്നിട്ടിരുന്നത്. അതുകണ്ടിട്ടാണ് ഓപ്പറേഷൻ തിയേറ്റർ തുറന്നിട്ട് ഓപ്പറേഷൻ ചെയ്യുന്നുവെന്നുപറഞ്ഞ് വാർത്ത വന്നത്. ആ തിയേറ്ററിൽ റിപ്പയർ നടന്നുകൊണ്ടിരിക്കുകയാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഈ അടുത്തകാലത്ത് കാർഡിയോളജി പുതിയ വിഭാഗം തുടങ്ങി. അവിടെ പുതിയ മൾട്ടിസ്പെഷ്യാലിറ്റി ഐ.സി. യൂണിറ്റ് തുടങ്ങാൻ പോവുകയാണ്. ഓരോ ഡിപ്പാർട്ടുമെന്റുകളും അവരുടേതായ പുരോഗമനപരമായ പ്രവർത്തനങ്ങൾ ഏറ്റെടുത്തുകൊണ്ടിരിക്കുകയാണ്. ഈ കാര്യങ്ങളെക്കുറിച്ച് അടച്ചാക്ഷേപിക്കുന്നത് ശരിയല്ല. എന്താണ് കാര്യമെന്ന് അദ്ദേഹം പറഞ്ഞുകഴിഞ്ഞാൽ അതിനെക്കുറിച്ച് അന്വേഷിക്കാൻ ഗവൺമെന്റ് തയ്യാറാണ്.

<u>ശ്രീ. ജെയിംസ് മാത്യു</u> : സർ, ഞാൻ വിശദീകരണങ്ങളില്ലാതെ കൃത്യമായി ചോദിക്കുകയാണ്. ഇത്രയും മാരകമായ രോഗം കേരളത്തിലെ ലക്ഷക്കണക്കിന് ആളുകൾക്ക് ബാധിക്കുന്ന ഘട്ടത്തിൽ രോഗപ്രതിരോധത്തിന് ആവശ്യമായ വാക്സിൻ കേരളത്തിലെ ജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ടോ; ബഹുമാന്യനായ വകുപ്പുമന്ത്രിക്കുൾപ്പെടെ ഈ പ്രതിരോധ വാക്സിൻ ആവശ്യമായി വരുന്നുവെങ്കിൽ അത് ലഭ്യമാക്കാനുള്ള സാഹചര്യം കേരളത്തിലുണ്ടോ ? ഇല്ല. ഇല്ലെന്നുമാത്രമല്ല, കേരളത്തിൽ ഒരൊറ്റ ആൾക്കുപോലും ഈ രോഗപ്രതിരോധത്തിനാവശ്യമായ വാക്സിൻ ലഭ്യമല്ല. ആരോഗ്യ രംഗത്തെ വളരെച്ചുരുക്കം പ്രവർത്തകർക്ക് ഉപയോഗിക്കാൻ സാധിക്കുന്ന തോതിൽ ചെറിയൊരളവ് വാക്സിൻ മാത്രമാണ് ഇന്ന് ലഭ്യമാകുന്നത്. അതേ ചോദ്യം ഇവിടെ ചോദിച്ചപ്പോൾ വളരെ ദീർഘമായ വിശദീകരണമാണ് മന്ത്രി നൽകിയത്. പക്ഷെ രോഗപ്രതിരോധത്തിന് ആവശ്യമായ വാക്സിനുകൾ ലഭ്യമാക്കുന്നതിന് ഗവൺമെന്റെടുത്ത നടപടിയെന്താണ്, അത് സാധാരണ ജനങ്ങൾക്ക് പ്രാപ്യമാണോ അത്തരം കാര്യങ്ങൾ പറയുന്നതിനുപകരം വളരെ വാചാലമായി നിങ്ങൾ പറയൂ, ചോദിച്ചു എന്നാണ് പറയുന്നത്. ഞാൻ വളരെ കൃത്യമായി ചോദിക്കുന്നു, വൈറൽ പനികൾക്ക് ആവശ്യമായ രോഗപ്രതിരോധ വാക്സിനുകൾ സംസ്ഥാന ആരോഗ്യ വകുപ്പ് ലഭ്യമാക്കിയിട്ടുണ്ടോ, കേരളത്തിലെ സാധാരണ ജനങ്ങൾക്ക് അത് ഉപയോഗപ്പെടുത്തിയിട്ടുണ്ടോ ?

<u>ശ്രീ. വി. എസ്. ശിവകുമാർ</u> : സർ, ഈ പകർച്ചപ്പനിക്കുവേണ്ട എല്ലാ മരുന്നുകളും എല്ലാ ആശുപത്രികളിലുമുണ്ട്. ഏത് മരുന്നാണ് ഇല്ലാത്തതെന്ന് അദ്ദേഹം പറയട്ടെ. എച്ച് 1. എൻ്.1 -നുവേണ്ടിയുള്ള ഒസൾട്ടാമിവിർ എന്ന മരുന്ന് ആവശ്യത്തിന് എല്ലാ ആശുപത്രികളിലും എത്തിച്ചിട്ടുണ്ട്. മറ്റ് പനിക്കുള്ള എല്ലാ

LIBRARY ARCHIVES Kerala Legislative Assembly

മരുന്നുകളും പ്രൈമറി ഹെൽത്ത് സെന്ററുകളിൽവരെ എത്തിച്ചിട്ടുണ്ട്. ഇന്നലെ സൂചിപ്പിച്ചതുപോലെ പേവിഷ ബാധയുള്ള മരുന്നിന്റെ പ്രൊഡക്ഷൻ ഇല്ലാതിരുന്നതുകൊണ്ട് കുറച്ച് കാലതാമസംവന്നു. എന്നിരുന്നാലും അവരുടെ ബഫർ സ്റ്റോക്കിൽനിന്നും ആ മരുന്ന് സംസ്ഥാന ഗവൺമെന്റ് വാങ്ങി. 2000 vial ഇന്നലെ വന്നിട്ടുണ്ട്. 15-ാം തീയതി 7200 vial വരും. ഏത് രോഗത്തിനാണ് വാക്സിൻ ഇല്ലായെന്നുള്ളത് പറയട്ടെ. എല്ലാ അസുഖത്തിനുമുള്ള വാക്സിൻ ഉണ്ട്.

<u>ശ്രീ. ജോസഫ് വാഴക്കൻ</u> : സർ, സാനിറ്റേഷൻ കമ്മിറ്റി വാർഡ് തലത്തിൽ വളരെ ഇഫക്ടീവാണ്. 25,000 രൂപ വച്ച് കൊടുക്കുമെന്ന് പറയുന്നു. എൻ.ആർ.എച്ച്.എം.-ന്റെ പതിനായിരം രൂപ കിട്ടുന്നുമുണ്ട്. പക്ഷേ പല പഞ്ചായത്തുകളിലും ശുചിത്വമിഷന്റെ പതിനായിരം രൂപ കിട്ടുന്നില്ല. അവിടെ 5,000-6,000 രൂപയാണ് കൊടുക്കുന്നത്. എന്തോ ചില സാങ്കേതിക പ്രശ്നങ്ങളാണ് കാരണം. അതുപോലെ പഞ്ചായത്തുകൾ മുടക്കുന്ന 5,000 രൂപ ഈ കമ്മിറ്റി മുഖേനയല്ലാതെ പലപ്പോഴും വേറെ രീതിയിൽ ചെലവഴിക്കുന്നതായിട്ടാണ് പറയുന്നത്. അതുകൊണ്ട് കോ-ഓർഡിനേഷൻ പല സ്ഥലത്തും നടക്കുന്നില്ല. അതിനെക്കുറിച്ച് ഗവൺമെന്റ് ശ്രദ്ധിച്ചിട്ടുണ്ടോ, അതിനുള്ള മോണിറ്ററിംഗ് നടത്തുമോ ?

<u>ശ്രീ. വി. എസ്. ശിവകുമാർ</u> : സർ, ഇപ്പോൾ 25,000 രൂപവച്ച് കൊടുക്കുകയാണ്. ഒരു വാർഡിന് എൻ.ആർ.എച്ച്.എം. പതിനായിരം രൂപയും ശുചിത്വ മിഷൻ പതിനായിരം രൂപയുമാണ് കൊടുക്കുന്നത്. കോർപ്പറേഷൻ വാർഡുകൾക്ക് കോർപ്പറേഷൻ ഇരുപതിനായിരം രൂപ കൊടുക്കുന്നുണ്ട്. ശുചിത്വ മിഷന്റെ തുക പല സ്ഥലത്തും ലഭ്യമാകാത്തതിനു കാരണം കഴിഞ്ഞ പ്രാവശ്യത്തെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കൊടുക്കാത്തതുകൊണ്ടാണ് എന്നാണ് വിവരം ലഭിച്ചിട്ടുള്ളത്. അങ്ങനെ കിട്ടാത്ത പഞ്ചായത്തുകൾ തനതു ഫണ്ടിൽനിന്ന് തുക വിനിയോഗിക്കുന്നതിനുവേണ്ടി മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾക്ക് യാതൊരുവിധത്തിലുള്ള തടസ്സവുമുണ്ടാകാത്ത രീതിയിൽ കാര്യങ്ങൾ ചെയ്യുകയെന്നുള്ളതാണ്. ഇത് കോ-ഓർഡിനേറ്റ് ചെയ്യുന്നതിന് മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും സാന്നിദ്ധ്യത്തിൽ വിവിധ ഡിപ്പാർട്ടുമെന്റ് തലത്തിൽ രണ്ടുപ്രാവശ്യം യോഗം ചേർന്നു. ജില്ലാ കളക്ടർമാർ ജില്ലയിലെ പഞ്ചായത്ത് പ്രസിഡന്റുമാരടക്കമുള്ള ജനപ്രതിനിധികളെ വിളിച്ച് പഞ്ചായത്തുതലത്തിൽ യോഗം ചേർന്നുകഴിഞ്ഞു. ഇനി എം.എൽ.എ.-മാർ അവരവരുടെ കോൺസ്റ്റിറ്റ്യുവൻസിയിൽ ഇത് കോ-ഓർഡിനേറ്റ് ചെയ്യുന്നതിന് വേണ്ടി എല്ലാ തലങ്ങളിലും ഒരു യോഗം വിളിച്ച് ഫലപ്രദമായി ഈ കാര്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

വിലയിരുത്തുകയും നടപ്പാക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. മാർച്ച് മാസം 31-ാം തീയതിക്കകം എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ ഇത് കോ-ഓർഡിനേറ്റ് ചെയ്യുന്നതിനുവേണ്ടി സംസ്ഥാനത്തെ മുഴുവൻ നിയോജകമണ്ഡലത്തിലും ഇത്തരത്തിലൊരു യോഗം ചേർന്ന് അതിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകണം എന്നാണ് ഇതിനെക്കുറിച്ച് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : സർ, കാസർഗോഡ് ജില്ല വടക്കേ അറ്റത്തായത് കൊണ്ടുതന്നെ സർക്കാരിന്റെ വേണ്ടത്ര ശ്രദ്ധയുണ്ടാകാത്ത ഒരവസ്ഥയുണ്ടെന്നതാണ് ഞാൻ പ്രത്യേകമായി ചൂണ്ടിക്കാട്ടുന്നത്. അവിടെ 210 ഡോക്ടർമാർ വേണം. 72 ഒഴിവുകളാണ് ഉള്ളത്. മൂന്നിലൊന്ന് ഡോക്ടർമാരില്ല. കാസർഗോഡ് ജില്ലയിൽ നിയമിക്കപ്പെടുന്ന ഡോക്ടർമാർ അവിടെ പോകാത്തതുകൊണ്ട് ഇൻസെന്റീവായി 20,000 രൂപ നൽകുമെന്ന് നേരത്തെ നിശ്ചയിച്ചിട്ടുള്ളതാണ്. അത് നിർത്തിവച്ചിട്ട് ഇപ്പോൾ മാസങ്ങളേറെയായി. അത് തുടർന്ന് നൽകാനുള്ള സംവിധാനമുണ്ടാകുമോ ? പകർച്ചവ്യാധി തടയുന്നതിനാവശ്യമായ എല്ലാ മരുന്നുമുണ്ടെന്ന് പറയുന്നിടത്ത് ഡോക്ടർമാരില്ലാതെ എങ്ങനെയാണ് ആവശ്യമായ ചികിത്സ കൊടുക്കുന്നത് ? മംഗലാപുരത്തേയ്ക്ക് വിദഗ്ധ ചികിത്സയ്ക്കായി അയയ്ക്കുന്നുവെന്ന് നേരത്തെ ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. അതുകൊണ്ട് പ്രധാനമായും ആവശ്യമായ ഡോക്ടർമാരെ നിയമിക്കാനും പകർച്ചവ്യാധി തടയുന്നതിനാവശ്യമായ അടിയന്തരമായ നടപടികൾ സ്വീകരിക്കുവാനും തയ്യാറാകുമോ ?

<u>ശ്രീ. വി. എസ്. ശിവകുമാർ</u> : സർ, അവിടെ 210 ഡോക്ടർമാർ ആവശ്യമുള്ളതിനാൽ ആ വേക്കൻസികളിൽ അഡ്ഹോക്ക് വ്യവസ്ഥയിൽ ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. എങ്കിലും അവിടെ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. മോൻസ് ജോസഫ്</u> : സർ, ഇവിടെ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ എം.എൽ.എ.-മാരുടെ യോഗം വിളിക്കുന്നതിനെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. അത് നല്ല കാര്യമാണ്. കഴിഞ്ഞ വർഷവും കഴിഞ്ഞതിനു മുമ്പിലത്തെ വർഷവും ഇതുപോലെ എം.എൽ.എ.-മാർ മുൻകയ്യെടുത്ത് യോഗം വിളിക്കുകയും ഫലപ്രദമായ പ്രവർത്തനങ്ങൾക്കുള്ള സാഹചര്യമുണ്ടാക്കുകയും ചെയ്തു. പക്ഷെ ഞാൻ ചോദിക്കുന്നത്, അവിടെ മുന്നോട്ടുവയ്ക്കുന്ന ചില ശിപാർശകൾ നടപ്പാക്കുന്നതിന് ഗവൺമെന്റ് പ്രത്യേകമായി ആത്മാർത്ഥത കാണിക്കണമെന്ന് പറയുന്നതും ഇതിന് തുടർച്ചയായി നടക്കേണ്ട കാര്യമാണ്. കഴിഞ്ഞ രണ്ടു

LIBRARY ARCHIVES Kerala Legislative Assembly

വർഷങ്ങളിലും നടന്ന യോഗത്തിൽ എന്റെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഞാൻ പറയുകയാണ്, അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള ആവശ്യങ്ങളാണ് പ്രധാനമായും വരുന്നത്. ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പോസ്റ്റ് ക്രിയേഷനെക്കുറിച്ച് പറഞ്ഞു. ഞങ്ങളെല്ലാപേരും അതിനെ സ്വാഗതം ചെയ്യുന്നു. പക്ഷെ പോസ്റ്റ് ക്രിയേഷന് അടിയന്തര പരിഗണന കൊടുക്കേണ്ട സ്ഥലങ്ങളിൽ ഹെൽത്ത് ഡിപ്പാർട്ടുമെന്റ് അതിനുള്ള നടപടി സ്വീകരിക്കുന്നതിനുപകരം ഫയലുകളെല്ലാം മടക്കി അയയ്ക്കുന്ന ഒരു സ്ഥിതിവിശേഷം ഡിപ്പാർട്ടുമെന്റ് ലെവലിൽ ഡി.എച്ച്.എസ്.-ൽ സംഭവിക്കുന്നുവെന്ന കാര്യം മന്ത്രി ഇടപെട്ട് പരിശോധിക്കേണ്ടതുണ്ട്. എന്റെ മണ്ഡലത്തിൽ കുറവിലങ്ങാട് ആശുപത്രി താലൂക്കാശുപത്രിയായി അപ്ഗ്രേഡ് ചെയ്ത ആശുപത്രിയാണ്. അവിടെ പോസ്റ്റ് ക്രിയേഷനുമായി ബന്ധപ്പെട്ടും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതുമായി ബന്ധപ്പെട്ടും രണ്ടു ഫയലുകൾ ഉണ്ട്. നാറാണത്തു ഭ്രാന്തന്റെ അവസ്ഥയിലേയ്ക്ക് എം.എൽ.എ.-മാരെ തള്ളിവിടരുത്. പ്രതിപക്ഷം കയ്യടിക്കണ്ട. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ് അത് താലൂക്കാശുപത്രിയായി അപ്ഗ്രേഡ് ചെയ്തത്. ആരോഗ്യ വകുപ്പ് അവിടെ ബോർഡ് മാറ്റിവച്ചതേയുള്ളൂ. നിങ്ങൾ സ്വയം പ്രതിക്കൂട്ടിലാകരുത്. ഞാൻ പരസ്പരം കുറ്റപ്പെടുത്താനല്ല പറയുന്നത്. എൽ.ഡി.എഫ്. ഗവൺമെന്റ് മാറി യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് നാലുവർഷമായി. നാലുവർഷമായിട്ടും പോസ്റ്റ് ക്രിയേറ്റ് ചെയ്തിട്ടില്ല. ഞാൻ സൂചിപ്പിക്കുന്നത് ബഹുമാനപ്പെട്ട മന്ത്രി ഇടപെടേണ്ട ഒരു പ്രശ്നമുണ്ട്. അതായത് എല്ലാ എം.എൽ.എ.-മാർക്കും ബാധകമായൊരു വിഷയമാണ്. കെട്ടിടം പണിയാൻ പി.ഡബ്ല്യു.ഡി എസ്റ്റിമേറ്റെടുത്ത് അത് ഗവൺമെന്റിലേയ്ക്ക് വന്നപ്പോൾ ഹെൽത്ത് ഡിപ്പാർട്ടുമെന്റ് പറയുന്നു പോസ്റ്റ് ക്രിയേറ്റ് ചെയ്തതിനുശേഷം മാത്രമേ കെട്ടിടംപണി അനുവദിക്കുകയുള്ളുവെന്ന്. ഹെൽത്ത് ഡിപ്പാർട്ടുമെന്റിൽ പോസ്റ്റ് ക്രിയേഷനുള്ള ഫയൽ ചെന്നപ്പോൾ ഹെൽത്ത് ഡിപ്പാർട്ടുമെന്റ് പറയുന്നത് കെട്ടിടം പണിതതിനുശേഷമേ പോസ്റ്റ് ക്രിയേറ്റ് നടത്തുകയുള്ളുവെന്നാണ്. ഇങ്ങനെ പറഞ്ഞാൽ കേരളത്തിൽ ഒന്നും ചെയ്യേണ്ട കാര്യമില്ലല്ലോ. കെട്ടിടം പണിയും പോസ്റ്റ് ക്രിയേഷനും നടക്കുകയില്ല. ഈ ഏർപ്പാട് അവസാനിപ്പിക്കാൻ വേണ്ടി ബഹുമാന്യനായ മന്ത്രി ഇടപെടണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കാര്യങ്ങൾ ചെയ്യുമ്പോൾ മന്ത്രി ഇടപെട്ട് ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അടിയന്തര നടപടിയുണ്ടാക്കണം. അല്ലെങ്കിൽ ഈ യോഗങ്ങൾകൊണ്ട് ഒരർത്ഥവുമില്ലാത്ത അവസ്ഥയുണ്ടാകും. അങ്ങ് ചെയ്ത നല്ല കാര്യങ്ങളെ അഭിനന്ദിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. എസ്. ശിവകുമാർ : സർ, എം.എൽ.എ.-മാരുടെ മീറ്റിംഗ് കൂടുമ്പോൾ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ കോ-ഓർഡിനേറ്റ് ചെയ്യുകയെന്നതാണ് നമ്മൾ ഉദ്ദേശിക്കുന്നത്. എം.എൽ.എ.-മാരുടെ സാന്നിദ്ധ്യത്തിൽ യോഗം ചേരുമ്പോൾ സ്വാഭാവികമായും ഈ കാര്യങ്ങൾ ഉയർന്നുവരും. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഘട്ടംഘട്ടമായി പോസ്റ്റ് ക്രിയേഷൻ നടത്തിക്കൊണ്ടിരിക്കുകയാണ്. നാലായിരത്തോളം പോസ്റ്റ് ക്രിയേറ്റ് ചെയ്തു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മെഡിക്കൽ കോളേജുകളിൽ ആയിരത്തോളം പോസ്റ്റുകളാണ് ക്രിയേറ്റ് ചെയ്തത്. പത്ത് പോസ്റ്റ് ആരോഗ്യ വകുപ്പിന് കിട്ടുന്നത് ആരോഗ്യ വകുപ്പിനെ സംബന്ധിച്ചിടത്തോളം നല്ല കാര്യമാണ്. അതിനെ എപ്പോഴും ഞാൻ സ്വാഗതം ചെയ്യുകയാണ്. എന്തായാലും പോസ്റ്റ് ക്രിയേഷൻ നടത്തിയതിന് ശേഷം കെട്ടിടം നിർമ്മിക്കണമെന്ന് ആരോഗ്യ വകുപ്പ് പറഞ്ഞിട്ടുണ്ടെങ്കിൽ അക്കാര്യം പരിശോധിക്കും. ആരോഗ്യ വകുപ്പിന്റെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ കൊണ്ടു പോകുന്നതിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിൽ എം.എൽ. എ.-മാരുടെയും എം.പി.-മാരുടെയും സഹായമുണ്ടായിട്ടുണ്ട്. അതുകൊണ്ട് കെട്ടിടങ്ങൾ നിർമ്മിക്കുന്ന കാര്യത്തിലായാലും മറ്റ് കാര്യത്തിലായാലും ആരോഗ്യവകുപ്പിന്റെ ഭാഗത്തുനിന്നുള്ള എല്ലാവിധ പിന്തുണയും സഹകരണവും ഉണ്ടാകും.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

തൊഴിൽ നിയമഭേദഗതി ബിൽ

3 (*63) ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. എളമരം കരീം :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കേന്ദ്രസർക്കാർ പാർലമെന്റിൽ അവതരിപ്പിച്ചിട്ടുള്ള തൊഴിൽ നിയമഭേദഗതികളിലെ പ്രധാന വ്യവസ്ഥകൾ എന്തൊക്കെയെന്ന് പരിശോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;